## പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 291 — 21.08.2017 - ൽ മറുപടിക്ക്.

## സമ്പൂർണ്ണ അഗതി രഹിത സംസ്ഥാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ.വി. കെ. സി. മമ്മത് കോയ<br>ശ്രീ.കെ. കെ. രാമചന്ദ്രൻ നായർ<br>ശ്രീ.കെ.ഡി. പ്രസേനൻ | ഡോ.കെ.ടി.ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) കേരളത്തെ സമ്പൂർണ്ണ അഗതി രഹിത സംസ്ഥാനമായി പ്രഖ്യാപിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; | (എ) കേരളത്തെ സമ്പൂർണ്ണ അഗതി രഹിത സംസ്ഥാനമായി പ്രഖ്യാപിക്കുന്നതിന് 'അഗതി രഹിത കേരളം' പദ്ധതിയാണ് ആവിഷ്കരിച്ചിട്ടുള്ളത്. |
| (ബി) സംസ്ഥാനത്ത് അഗതികളുടെ സർവ്വെ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ന് ആരംഭിക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) അയൽക്കൂട്ട തലത്തിൽ അംഗതികളെ കണ്ടെത്തുന്ന പ്രാഥമിക പ്രവർത്തനം ആരംഭിച്ചു. ശാസ്ത്രീയമായ സർവ്വേ ഒക്ടോബർ 4 ന് ആരംഭിക്കുന്നതാണ്. പ്രസ്തുത സർവ്വേയിൽ നിലവിലുള്ളതും ഉൾപ്പെട്ടിട്ടില്ലാത്തതുമായ അർഹരായ മുഴുവൻ ഗുണഭോക്താക്കളെയും കണ്ടെത്തുകയും അനർഹരെ ഒഴിവാക്കുകയും ചെയ്ത് തദ്ദേശസ്വയംഭരണതലത്തിൽ ഒരു ലിസ്റ്റാക്കി പ്രസിദ്ധീകരിക്കുന്നതിനും ഇവർക്കായി ഏകീകരിച്ച ഒരു പദ്ധതി തയ്യാറാക്കുന്നതിനുമാണ് തീരുമാനിച്ചിട്ടുള്ളത്. |
| (സി) നിലവിൽ ഏതെല്ലാം തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിൽ അഗതി രഹിത പദ്ധതി നടപ്പിലായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഏജൻസി ഏതാണെന്ന് അറിയിക്കുമോ; | (സി) അഗതികളുടെ പുനരധിവാസത്തിനായി നിലവിൽ 'ആശ്രയ പദ്ധതി' എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നടപ്പിലാക്കുന്നുണ്ട്. അഗതി രഹിത കേരളം പദ്ധതിയുടെ നിർവ്വഹണ ഏജൻസി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മേൽനോട്ടം കുടുംബശ്രീയുമാണ്. |
| (ഡി) ഈ പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര കുടുംബങ്ങൾക്ക് സംരക്ഷണം ലഭിക്കുമെന്നാണ് കണക്കാക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) സർവ്വേ പൂർത്തീകരിച്ചതിന് ശേഷമേ കൃത്യമായ കണക്കുകൾ ലഭ്യമാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ